# Malayala Manorama
# 17 August 2018
# Kozhikode : Heavy rain, Death



# രണ്ടുദിവസം 100 മരണം

**കോഴിക്കോട്:** രണ്ടുദിവസത്തിനിടെ മഴക്കെടുതിയിൽ സംസ്ഥാനത്ത് 100 മരണം. മലപ്പുറത്ത് 23-ഉം ഇടുക്കിയിൽ 24-ഉം തൃശ്ശൂരിൽ 20-ഉം പേർ മരിച്ചു. കോട്ടയം-അഞ്ച്, കോഴിക്കോട് എട്ട്, പത്തനംതിട്ട-മൂന്ന്, ആലപ്പുഴ-അഞ്ച്, പാലക്കാട്-ഏഴ്, കണ്ണൂർ-നാല്, എറണാകുളം-ഒന്ന് എന്നിങ്ങനെയാണ് മരണം. മരണസംഖ്യ ഇനിയും ഉയർന്നേക്കും. ഒട്ടേറെ പേരെ കാണാതായി.

മലപ്പുറം ബുധൻ, വ്യാഴം ദിവസങ്ങളിലായി മലപ്പുറം ജില്ലയിൽ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും 23 മരണം. മൂന്നുപേരെ കാണാതായി. കൊണ്ടോട്ടി ചെറുകാവിൽ വീട്ടിലേക്ക് മണ്ണിടിഞ്ഞ് മൂന്നുപേർ, ചെറുകാവ് പെരിങ്ങാവിൽ വീട്ടിലേക്ക് മലയിടിഞ്ഞ് ഒമ്പതുപേർ, മലപ്പുറം തിരൂർക്കാട് നിർമാണത്തിലിരുന്ന പള്ളിയുടെ മിനാരം തകർന്ന് മറുനാടൻ തൊഴിലാളി എന്നിവർ മരിച്ചു. അരീക്കോട് ഊർങ്ങാട്ടിരി ആദിവാസികോളനിയിൽ ഏഴുപേരും എടവണ്ണയിൽ കുളപ്പാട് ഒരാളും ഉരുൾപൊട്ടലിൽ മരിച്ചു. തിരൂരങ്ങാടിയിൽ ഒരാൾ ഷോക്കേറ്റു മരിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ അസുഖം ബാധിച്ച് വയോധിക മരിച്ചു.

ഇടുക്കിജില്ലയിൽ മഴക്കെടുതിയിൽ 24 മരണം. ദേവികുളത്ത് ആറും നെടുങ്കണ്ടം, കരിമ്പൻ എന്നിവിടങ്ങളിൽ മൂന്നുപേർ വീതവും ഗാന്ധിനഗർ കോളനി, മണിയാറൻകുടി പെരിങ്ങാല എന്നിവിടങ്ങളിൽ രണ്ടുപേർ വീതവും ഉരുൾപൊട്ടലിൽ മരിച്ചു. ദേവികുളത്ത് ഉരുൾപൊട്ടലിൽ ആറുപേർ മരിച്ചു. കട്ടപ്പന അന്യാർതുളുവിൽ മരംവീണ് വീട്ടമ്മ മരിച്ചു. മൂന്നാറിൽ ഹോട്ടൽ ശരവണഭവന്റെ മുറി ഇടിഞ്ഞ് ഒരാൾ മരിച്ചു. ബുധനാഴ്ച കാണാതായ കീരിത്തോട് സരോജിനിയുടെ മൃതദേഹം കണ്ടെത്തി. 14 പേരെ കാണാതായിട്ടുണ്ട്.

തൃശ്ശൂർ കുറാഞ്ചേരിയിൽ മണ്ണിടിച്ചിലിൽ കാണാതായ 12 പേരുടെ മൃതദേഹം കണ്ടെത്തി. ഇതോടെ ജില്ലയിൽ മരണം 20 ആയി. പൂമല ഡാമിനുസമീപം മണ്ണിടിഞ്ഞ് വീടിനുമുകളിൽ വീണ് രണ്ടുപേർ മരിച്ചു. ചെറുതുരുത്തിയിൽ രണ്ടുപേരും അതിരപ്പിള്ളിയിൽ ഒരാളും ഉരുൾപൊട്ടലിൽ മരിച്ചു. കുറ്റൂരിൽ ചുവർ ഇടിഞ്ഞുവീണ് ഒരാൾ മരിച്ചു. കുതിരാനിൽ വാഹനങ്ങൾക്ക് മുകളിലേക്ക് മണ്ണിടിഞ്ഞുവീണ് ഒരാൾ മരിച്ചു. പെരിഞ്ഞോട്ടുകരയിൽ ഒരാൾ ഷോക്കേറ്റു മരിച്ചു.

കോട്ടയം ജില്ലയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലിലും വെള്ളക്കെട്ടിൽ വീണും അഞ്ചു മരണം. ഒരാളെ കാണാതായി. തീക്കോയി വെള്ളികുളത്ത് ഉരുൾപൊട്ടലിൽ ഒരു കുടുംബത്തിലെ നാലുപേരും വൈക്കം വൈക്കപ്രയാറിൽ വെള്ളക്കെട്ടിൽ വീണ് ഒരാളുമാണ് മരിച്ചത്. മൂന്നുപേർക്ക് പരിക്കേറ്റു.

പത്തനംതിട്ടജില്ലയിൽ ചികിത്സ ലഭിക്കാതെ ഒരാളടക്കം മൂന്ന് മരണം. നാലുപേരെ കാണാതായി. വെള്ളം കയറുന്നതുകണ്ട് ഹൃദയാഘാതംമൂലം ഒരാൾ മരിച്ചു. ചിറ്റാറിൽ അഞ്ചേക്കർ കോളനിയിൽ മണ്ണിടിഞ്ഞ് ഒരാളും റാന്നിയിൽ ചികിത്സ ലഭിക്കാതെ ഒരാളും മരിച്ചു.

കോഴിക്കോട് ജില്ലയിൽ നാലുകുട്ടികൾ ഉൾപ്പെടെ എട്ടുപേർ മരിച്ചു. കൂടരഞ്ഞി കൽപിനിയിൽ ഉരുൾപൊട്ടലിൽ അച്ഛനും പത്തുവയസ്സുകാരനായ മകനും മാവൂർ കായലത്ത് വീടിനുമുകളിൽ മണ്ണിടിഞ്ഞുവീണ് അഞ്ചരയും രണ്ടരയും വയസ്സുള്ള രണ്ടു പെൺകുട്ടികളും മരിച്ചു. ബാലുശ്ശേരി ഇയ്യാട് തോട്ടിൽ കാണാതായ ഏഴുവയസ്സുകാരന്റെ മൃതദേഹം കണ്ടെത്തി. പെരുമണ്ണയിലും പേരാമ്പ്ര മുയിപ്പോത്തുമായി രണ്ടുപേർ മുങ്ങിമരിച്ചു. വേങ്ങേരിയിൽ ഒരാൾ ഷോക്കേറ്റു മരിച്ചു.

പാലക്കാട് നെന്മാറയ്ക്കടുത്ത് പോത്തുണ്ടി പാതയിൽ അളുവശ്ശേരി ചേരുകാട്ടിന് സമീപം ആതവനാട് കുന്നിൽ ഉരുൾപൊട്ടി നവജാതശിശു ഉൾപ്പെടെ ഏഴു മരണം.

ആലപ്പുഴ ജില്ലയിൽ പ്രളയക്കെടുതിയിൽ രണ്ടു ദിവസങ്ങളിലായി അഞ്ചുമരണം. പാതിരാപ്പള്ളിക്കു സമീപം ദേശീയപാതയിൽ മരം വീണ് ഒരാളും വീട്ടിൽ വെള്ളം കയറിയപ്പോൾ മോട്ടോർ ഉപയോഗിച്ച് വറ്റിക്കാൻ ശ്രമിക്കുന്നതിനിടെ ഒരാളും മുഹമ്മയിൽ വ്യാഴാഴ്ച വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയുമാണ് മരിച്ചത്. കരുവാറ്റയിൽ ഷോക്കേറ്റ് ഒരാൾ മരിച്ചു. എടത്വയിൽ വീട്ടിനുമുന്നിലെ വെള്ളത്തിൽ തലയടിച്ചുവീണ് ചുമട്ടുതൊഴിലാളി മരിച്ചു.

കണ്ണൂർ രാമന്തളിയിൽ മീൻപിടിത്ത വള്ളം മറിഞ്ഞ് ഒരാൾ മുങ്ങിമരിച്ചു. കനത്തമഴയിൽ കുടകിൽ മണ്ണിടിഞ്ഞ് മൂന്നുപേർ മരിച്ചു.

എറണാകുളം പിറവം രാമമംഗലത്ത് വീട്ടിൽ വെള്ളം കയറിയതിനാൽ ചികിത്സ ലഭിക്കാതെ ഒരാൾ മരിച്ചു.